പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *620 24.05.2017-ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകളുടെ പെയിന്റിംഗ് സംബന്ധിച്ച ഉത്തരവിൻമേൽ അന്വേഷണം

**ചോദ്യം**

ശ്രീ. വി.ഡി. സതീശൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. വി.ടി ബൽറാം
ശ്രീ. അനിൽ അക്കര

**മറുപടി**

ശ്രീ. പിണറായി വിജയൻ
( മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളും ഒരു പ്രത്യേക കമ്പനിയുടെ ഉല്പന്നം ഉപയോഗിച്ച് പെയിന്റ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് പ്രസ്തുത ഉത്തരവ് ഇറക്കിയതെന്നും അതിനുള്ള കാരണമെന്തായിരുന്നുവെന്നും അറിയിക്കുമോ ;

(എ) ഇല്ല. സംസ്ഥാന പോലീസ് മേധാവിമാരുടെ യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ വെളിച്ചത്തിൽ പോലീസ് സ്റ്റേഷനുകളിൽ ഏകീകൃത നിറം നല്കുന്നതിന് 26.04.2017 ൽ സംസ്ഥാന പോലീസ് മേധാവി 09/2017 നമ്പരായി എക്സിക്യൂട്ടീവ് ഡയറക്ടീവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഡയറക്ടറീവിൽ പെയിന്റിംഗിന് ഉപയോഗിക്കേണ്ട നിറങ്ങൾ തിരിച്ചറിയുന്നതിന് സഹായകമാകുന്ന വിധത്തിൽ ഒരു കമ്പനിയുടെ പേരും കോഡും സൂചിപ്പിച്ചിരുന്നു. ഏതെങ്കിലും ഒരു പ്രത്യേക കമ്പനിയുടെ പെയിന്റ് വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടില്ല.

(ബി) ടെൻഡറോ, മറ്റ് നിയമപരമായ നടപടികളോ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണമെന്താണ് ;

(ബി) എ.ഡി.ജി.പി ഹെഡ്ക്വാർട്ടേഴ്സ്, എം.ഡി, കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ, ഡി.ഐ.ജി (അഡ്.) എന്നിവരടങ്ങുന്ന സമിതിയാണ് ഏകീകൃത നിറം ഏതെന്ന് ശിപാർശ ചെയ്തത്. ഇതിനകം 43 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ വ്യത്യസ്ത കമ്പനികളുടെ ഒരേ നിറമുള്ള പെയിന്റ് ഉപയോഗിച്ച് പെയിന്റ് ചെയ്തിട്ടുണ്ട്. പെയിന്റ് അടിക്കുമ്പോൾ നിയമപരമായി പാലിക്കേണ്ട എല്ലാ നടപടിക്രമങ്ങളും കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ/PWD സ്വീകരിച്ചിട്ടുണ്ട്.

(സി) ഒരു പ്രത്യേക കമ്പനിയുടെ പേര് പറഞ്ഞിട്ടുള്ള ഉത്തരവ് അഴിമതിക്ക് ഇടയാക്കുകയി ല്ലേയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ ത്വരിതാന്വേഷണം നടത്തുവാൻ നിർദ്ദേശം നൽകുമോ?

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുകയാണ്.

**സെക്ഷൻ ഓഫീസർ**